766270/2024/FC DHS

നം.സി3-1466/2024/ജി.എച്ച്.റ്റി.

ജനറൽ ആശുപത്രി,
തിരുവനന്തപുരം,
തീയതി: 06.05.2024.

27/05/24 CA6 DHS

## പുനർ ദർഘാസ് പരസ്യം

തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് 2024-25 കാലയളവിലേയ്ക്ക് വരെ **മുട്ട**, **ബിസ്ക്കറ്റ്**, **പയർ** എന്നിവ വിതരണം ചെയ്യുന്നതിനായി മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്ദേശ അടങ്കൽ തുക 4,90,000/-രൂപ. മുട്ട, ബിസ്ക്കറ്റ്, പയർ എന്നിവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ഇന വിവരം

ഒരു വർഷത്തേക്ക് മുട്ട ശരാശരി 1,02,000 എണ്ണം, ബിസ്ക്കറ്റ് ശരാശരി 3600 കി.ഗ്രാം, ചെറുപയർ ശരാശരി 540 കി.ഗ്രാം എന്നിവ വിതരണം ചെയ്യേണ്ടി വരുന്നതും ആഴ്ചയിൽ എല്ലാ ദിവസവും ഇൻഡന്റ് പ്രകാരം രാവിലെ 9.00 നും 10.00 മണിക്കും ഇടയ്ക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും ദിവസം വിതരണം ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ (ഉദാ: ഹർത്താൽ) തലേദിവസം തന്നെ പ്രസ്തുത ദിവസം ഉപയോഗിക്കാൻ യോഗ്യമായ ഭക്ഷ്യ വസ്തുക്കൾ എത്തിച്ചു തരേണ്ടതാണ്. പഴകിയതും കേടായതുമായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. മാനുഫാക്ചറിംഗ് തീയതിയും എക്സ്പയറി തീയതിയും പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. ഭക്ഷ്യവസ്തുക്കൾ സപ്ലൈ ചെയ്യുന്ന കവറുകളും ട്രേകളും വൃത്തിയുള്ളതായിരിക്കണം.

ടെൻഡർ ഫോമുകൾ 14.06.2024 വൈകുന്നേരം 5 മണി വരെ പ്രവൃത്തി സമയങ്ങളിൽ ഈ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ടെൻഡർ ഫോറത്തിന്റെ വിലയായ 1000/- രൂപയും നിയമാനുസൃതമായ ജി.എസ്.റ്റിയും (18% - 180/- രൂപ) ഓഫീസ് ക്യാഷ് കൗണ്ടറിൽ അടച്ച് രസീതിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. 200/-രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ്. നിരതദ്രവ്യമായി 5000/- രൂപയുടെ (അയ്യായിരം രൂപ മാത്രം) സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ദർഘാസ് ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് ദർഘാസ് നം.സി3-1466/2024/ജി.എച്ച്.റ്റി. ("വൈറ്റ് സാൻഡ് വിച്ച് ബ്രെഡ് വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് ") എന്ന് രേഖപ്പെടുത്തിയിരിക്കണം. സമർപ്പിക്കുന്ന ദർഘാസുകൾ ഈ ആശുപത്രിയിൽ നിന്നും വാങ്ങിയിട്ടുള്ളതും ടി ആശുപത്രിയിലെ മേലധികാരിയുടെ കൈയ്യൊപ്പും ഓഫീസ് മുദ്രയും ഉള്ളതുമായിരിക്കണം.

പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത ദർഘാസുകൾ 15.06.2024 ഉച്ചയ്ക്ക് 12 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ ഉച്ചയ്ക്ക് 3.00 മണിക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ആവശ്യമായ രേഖകൾ ഹാജരാക്കിയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതുമായ ദർഘാസ് അംഗീകരിക്കുന്നതുമാണ്. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഡോ.പ്രീതി ജെയിംസ്
സൂപ്രണ്ട്

സ്വീകർത്താവ്:-

എ) നോട്ടീസ് ബോർഡിലേക്ക്

1)ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.(വെബ്സൈറ്റിലേക്ക്)

2)ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), തിരുവനന്തപുരം

3)ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്,ഗവ:സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം

4)സൂപ്രണ്ട്, ഗവ:പ്രസ്സ് ,

5)സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി,

6)പോസ്റ്റ്മാസ്റ്റർ, പോസ്റ്റ് ഓഫീസ്, വഞ്ചിയൂർ,

7)വില്ലേജ് ഓഫീസ്, വഞ്ചിയൂർ

ബി) ലേ സെക്രട്ടറി & ട്രഷറർ

സി) ഫയൽ/കരുതൽ ഫയൽ